Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

28.7.2016

All Kerala Press Release
*Ref: 541/KCBC/K-6/KPR/DS*

## മനുഷ്യാവകാശങ്ങളും ഭരണഘടനയും മാനിക്കുന്ന ഏകീകൃത സിവിൽ നിയമം ആവശ്യം

കൊച്ചി: മനുഷ്യവകാശങ്ങൾ മാനിക്കുകയും ഭരണഘടനയുടെ അന്തഃസത്ത അംഗീകരിക്കുകയും ചെയ്യുന്ന ഒരു ഏകീകൃത സിവിൽ നിയമമാണു രാജ്യത്തിന് ആവശ്യമെന്ന് ഇന്ത്യൻ സമൂഹവും ഏകീകൃത സിവിൽ നിയമവും എന്ന വിഷയത്തിൽ എറണാകുളം പി.ഒ.സിയിൽ നടന്ന സിംപോസിയം ചൂണ്ടിക്കാട്ടി.

കെസിബിസി ഐക്യജാഗ്രതാകമ്മീഷനും കേരള കാത്തലിക് ഫെഡറേഷനും സംയുക്തമായി നടത്തിയ സിമ്പോസിയം കെസിഎഫ് പ്രസിഡന്റ് ശ്രീ. ഷാജി ജോർജ് ഉദ്ഘാടനം ചെയ്തു. ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ, എം. ജി. സർവ്വകാലശാലാ മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, മാധ്യമപ്രവർത്തകൻ ശ്രീ. പി. രാജൻ എന്നിവർ വിഷയാവതരണം നടത്തി. രാഷ്ട്രനിർമ്മാണത്തിൽ പൗരന്മാരുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും സംരക്ഷച്ചുകൊണ്ടാവണം നിയമപരിഷ്കരണങ്ങൾ ഉണ്ടാവേണ്ടതെന്ന് വി.സി. അഹമ്മദ് കബീർ എം.എൽ.എ അഭിപ്രായപ്പെട്ടു.

ഭരണഘടനയിലെ അവകാശങ്ങളെ അംഗീകരിക്കുകയും നിർദേശകതത്വങ്ങളെ എതിർക്കുകയും ചെയ്യുന്ന നിലപാട് യുക്തിസഹമല്ലെന്ന് ഡോ. സിറിയക് തോമസ് പറഞ്ഞു. വിശ്വാസപ്രമാണങ്ങളെ ചോദ്യചെയ്യാത്ത രാജ്യത്തിന്റെ നിയമനിർമാണത്തെ അംഗീകരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിചേർത്തു. രാജ്യത്ത് മതേരത്വം നിലനിർത്തുന്നതിന് വ്യക്തിനിയമങ്ങളിൽ ഏകീകരണം ആവശ്യമാണെന്നും വ്യക്തിനിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്നും മാധ്യമപ്രവർത്തൻ പി. രാജൻ പറഞ്ഞു.

രാജ്യത്തിന്റെ പൊതുവായ ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളും ബഹുസ്വരതയും ദുർബലപ്പെടാതെയുള്ള നിയമനിർമ്മാണങ്ങളാണ് ഉണ്ടാകേണ്ടതെന്നു സിംപോസിയത്തിൽ മോഡറേറ്ററായിരുന്ന കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് പറഞ്ഞു. കൂടാതെ, ന്യൂനപക്ഷസമൂഹങ്ങൾക്ക് ഭരണഘടന ഉറപ്പുനല്കുന്ന ന്യൂനപക്ഷപദവിയും മതവിഷയങ്ങളിലുള്ള സ്വയംഭരണാവകാശവും ഏകീകൃത സിവിൽ നിയമത്തിൻ കീഴിൽ സംരക്ഷിക്കപ്പെടുമോ, രാജ്യത്തെ ക്രൈസ്തവരുൾപ്പെടെയുള്ള ദലിത് പിന്നോക്ക വിഭാഗങ്ങൾക്ക് അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രത്യേക സംരക്ഷണവും ആനുകൂല്യങ്ങളും നല്കുന്നതു സംബന്ധിച്ച് ഏകീകൃത സിവിൽ നിയമം എന്തുനിലപാടു സ്വീകരിക്കും, വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ സമ്പന്നത ഉറപ്പുവരുത്തുന്നവിധം രാജ്യത്തിന്റെ ബഹുസ്വരത സംരക്ഷിക്കുന്നതിൽ ഏകീകൃത സിവിൽ നിയമം എത്രത്തോളം ഫലപ്രദമാകും തുടങ്ങി ഇനിയും വേണ്ടത്ര വ്യക്തതയില്ലാത്ത വിഷയങ്ങളിൽ ആഴത്തിലുള്ള പഠനവും അഭിപ്രായ രൂപീകരണവും ഉണ്ടാകേണ്ടത് ആവശ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House,

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre

കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി, കെ.സി.എഫ്. ജനറൽ സെക്രട്ടറി ശ്രീ. മോൻസൺ കെ. മാത്യു, ട്രഷറർ പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ, സെക്രട്ടറി പ്രഷീല ബാബു, കെസിസി സെക്രട്ടറി  വി. സി. ജോർജുകുട്ടി, എം, ടോമിച്ചൻ അയ്യർകുളങ്കര, എന്നിവർ പ്രസംഗിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: കെസിബിസി ഐക്യജാഗ്രതാകമ്മീഷനും കേരള കാത്തലിക് ഫെഡറേഷനും സംയുക്ത മായി നടത്തിയ സിമ്പോസിയത്തിൽ ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ പ്രസംഗിക്കുന്നു. വി. സി. ജോർജുകുട്ടി, ഡോ. സിറിയക് തോമസ്, ശ്രീ. പി. രാജൻ, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, ശ്രീ. ഷാജി ജോർജ്, ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി, ശ്രീ. മോൻസൺ കെ. മാത്യു,  പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ വേദിയിൽ